
സി.കെ. മുഹമ്മദ്

# നിയമത്തിന്റെ രണ്ടാം സ്രോതസ്സ്



**അല്ലാഹു** നബി(സ)ക്ക് വിശുദ്ധ ഖുർആൻ ഇറക്കിക്കൊടുത്തു. അത് ഭക്തജനങ്ങൾക്ക് സന്മാർഗവും സമൂഹത്തിന് ഭരണഘടനയുമാണ്. അതിൽ നിയമവും ജീവിത മര്യാദകളും ആപൽ സൂചനകളും സന്തോഷ വാർത്തകളും വിശ്വാസകാര്യങ്ങളും ചരിത്ര കഥകളും എല്ലാമുണ്ട്. അത് മുഴുവൻ സത്യവുമാണ്.

ഖുർആൻ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നതിന് പുറമെ നബി(സ)ക്ക് വേറെയും ദൗത്യം നിർവഹിക്കാനുണ്ടായിരുന്നു. ഖുർആൻ വിശദീകരിക്കുകയും അതിലെ നിയമങ്ങൾ വിവരിച്ചുകൊടുക്കുകയും ചെയ്യുകയാണ് അതിൽ പ്രധാനം.

മുസ്‌ലിംകൾക്ക് അല്ലാഹുവിന്റെ ഗ്രന്ഥം മാത്രമല്ല നബി(സ)യുടെ വിശദീകരണവും വിശ്വാസികൾ അറിയേണ്ടത് അനിവാര്യമാണ്. ഖുർആൻ യഥാവിധി മനസ്സിലാക്കാൻ നബിയുടെ സുന്നത്ത് അനിവാര്യ ഘടകമാണ്. കാരണം, ഖുർആൻ അവതരിച്ചു കിട്ടിയത് നബി(സ)ക്കാണ്.

അതിനാൽ പൗരാണികരും ആധുനികരുമായ മുസ്‌ലിംകൾ തിരുസുന്നത്ത് ഇസ്‌ലാമിക നിയമത്തിന്റെ സ്രോതസ്സാണ് എന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. ഹറാമും ഹലാലും വേർതിരിച്ചറിയാൻ സുന്നത്ത് അവലംബിക്കുകയല്ലാതെ നിവൃത്തിയില്ല.

സുന്നത്ത് നിയമത്തിന്റെ രണ്ടാം സ്രോതസ്സാണ്. സുന്നത്ത് ഖുർആന്റെ വ്യാഖ്യാനവും വിശദീകരണവുമാണ്. അല്ലാഹു പറയുന്നു: "നിനക്ക് നാം ഉദ്ബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടി. അങ്ങനെ അവർ ചിന്തിച്ചു മനസ്സിലാക്കട്ടെ" (*അന്നഹ്ൽ*: 44)

"അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ചിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയും, വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും

കാരുണ്യവുമായി മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിട്ടുള്ളത്." (*അന്നഹ്ൽ:* 64)

മിക്കവാറും സൂക്തങ്ങൾ പൊതുവായ പരാമർശങ്ങൾ മാത്രമുള്ളതായിരിക്കും. അതിന് വിശദീകരണം ആവശ്യമായി വരും. നബി(സ) ആ ദൗത്യം നിർവഹിക്കുന്നു.

ഉദാഹരണമായി, ഖുർആനിൽ നമസ്കരിക്കാൻ കൽപന വന്നു. എന്നാൽ നമസ്കാരത്തിലെ റക്അത്തുകളുടെ എണ്ണം, നമസ്കാരത്തിന്റെ രൂപം, സമയം എന്നിവയൊന്നും ഖുർആനിൽ കൃത്യമായി വിവരിച്ചിട്ടില്ല. സുന്നത്തിലാണ് അതിന്റെ വിശദീകരണം കാണുക.

സകാത്ത് കൊടുക്കാൻ ഖുർആൻ കൽപിച്ചു. എന്നാൽ സകാത്ത് നിർബന്ധമാകുന്നത് എപ്പോൾ, നിബന്ധനകൾ, വിതരണരീതി എന്ത് തുടങ്ങിയവയൊന്നും വിശദീകരിച്ചില്ല. അതെല്ലാം വിശദീകരിക്കുന്നത് സുന്നത്താണ്.

ചില സംഭവങ്ങളെക്കുറിച്ച് ഖുർആനിൽ പരാമർശങ്ങൾ വരില്ല. നബി(സ)യായിരിക്കും അതിനെക്കുറിച്ച് വിധിപറയുക.

സുന്നത്ത് ഖുർആന്റെ വിശദീകരണം എന്ന നിലക്ക് രണ്ടാം സ്ഥാനത്താണ് നിൽക്കുക.

അബൂദാവൂദും തിർമിദിയും റിപ്പോർട്ട് ചെയ്ത ഹദീസിൽ ഇപ്രകാരം കാണാം: മുആദി(റ)നെ യമനിലെ ഗവർണറായി നിയോഗിച്ചപ്പോൾ തിരുമേനി ചോദിച്ചു: 'താങ്കളുടെ മുമ്പിൽ ഒരു പ്രശ്നം വന്നാൽ താങ്കൾ എങ്ങനെ വിധി കൽപിക്കും?' മുആദ് പറഞ്ഞു: 'അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് വിധിക്കും.' തിരുമേനി ചോദിച്ചു: 'ഖുർആനിൽ കണ്ടില്ലെങ്കിലോ?' അദ്ദേഹം പറഞ്ഞു: 'നബിയുടെ ചര്യയനുസരിച്ച് വിധിക്കും.' നബി(സ) ചോദിച്ചു: 'അതിലും കണ്ടില്ലെങ്കിലോ?' അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ അഭിപ്രായമനുസരിച്ച് ഇജ്തിഹാദ് ചെയ്യും.'

ഖാദീ ശുറൈഹിന് ഉമർ(റ) ഇപ്രകാരം എഴുതി: 'താങ്കൾക്കു മുമ്പിൽ ഒരു പ്രശ്നം വന്നാൽ താങ്കൾ അത് അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് വിധിക്കുക. ഖുർആനിൽ പരാമർശിക്കാത്ത പ്രശ്നമാണ് വന്നതെങ്കിൽ നബിയുടെ ചര്യയനുസരിച്ച് വിധി കൽപിക്കുക.'

ഇബ്നു മസ്ഊദ് പറയുന്നു: 'നിങ്ങളിൽ ഒരാൾക്ക് ഒരു പ്രശ്നം വന്നാൽ അതിൽ ഖുർആൻ അനുസരിച്ച് വിധി കൽപിക്കട്ടെ. ഖുർആനിൽ പരാമർശിക്കാത്ത വിഷയമാണെങ്കിൽ പ്രവാചകന്റെ ചര്യയനുസരിച്ച് വിധിക്കട്ടെ.'

അബൂബക്റും ഉമറുമെല്ലാം തങ്ങൾക്ക് മുമ്പിൽ ഒരു പ്രശ്നം വന്നാൽ ഖുർആൻ അനുസരിച്ച് വിധിക്കും. ഖുർആനിൽ അതിനെക്കുറിച്ച് പരാമർശമില്ലെങ്കിൽ പ്രവാചകന്റെ ചര്യ പരിശോധിക്കും. സ്വഹാബികളുടെയും താബിഉകളുടെയും ഇമാമുകളുടെയും മുജ്തഹിദുകളുടെയും ജീവിതത്തിൽ ഇപ്രകാരമുള്ള മാതൃകകൾ കാണാവുന്നതാണ്.

### സുന്നത്ത് ഖുർആന്റെ വിശദീകരണം

സുന്നത്ത് ഖുർആന്റെ വിശദീകരണമാണെങ്കിൽ, സുന്നത്തിലുള്ളതിനെക്കുറിച്ചെല്ലാം ഖുർആനിൽ പരാമർശമുണ്ടാവേണ്ടതല്ലേ? എന്നാൽ, ഖുർആനിൽ പരാമർശിക്കാത്ത ധാരാളം നിയമങ്ങൾ നാം സുന്നത്തിൽ കാണുന്നുണ്ടല്ലോ? ഈ സംശയത്തിന് പണ്ഡിതന്മാർ നൽകുന്ന വിശദീകരണം ഇങ്ങനെ സംഗ്രഹിക്കാം:

ഒന്ന്, സുന്നത്ത് അനുസരിച്ച് പ്രവർത്തിക്കാൻ ഖുർആൻ കൽപിക്കുന്നു. അതുകൊണ്ട് സുന്നത്ത് പിന്തുടരുകയെന്നത് ഖുർആനിക കൽപനകൾ അനുസരിക്കലാണ്.

അബ്ദുല്ലാഹിബ്നു മസ്ഊദിൽനിന്ന് നിവേദനം: ബനൂ സഅ്ദ് ഗോത്രത്തിലെ ഒരു സ്ത്രീ അദ്ദേഹത്തിന്റെയടുത്തു വന്ന് പറഞ്ഞു: 'അബൂഅബ്ദിർറഹ്മാൻ, അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ മാറ്റംവരുത്തുന്ന ഭംഗിക്കുവേണ്ടി പച്ചകുത്തുന്നവളെയും കുത്തിപ്പിക്കുന്നവളെയും സ്വന്തം രോമം പറിക്കുന്നവളെയും താങ്കൾ ശപിക്കുന്നതായി അറിയാൻ കഴിഞ്ഞു.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'തിരുമേനി(സ) ശപിച്ചവരെയാണ് ഞാനും ശപിച്ചത്. അക്കാര്യം ഖുർആനിലുണ്ട്.' അപ്പോൾ സ്ത്രീ പറഞ്ഞു: 'ഞാൻ ഖുർആൻ മുഴുവനും പരതിനോക്കി. എനിക്കത് കാണാൻ കഴിഞ്ഞില്ല.' ഇതുകേട്ട് അദ്ദേഹം പറഞ്ഞു: നീ വായിച്ചിട്ടുണ്ടെങ്കിൽ അത് കാണുമായിരുന്നു. അല്ലാഹു പറഞ്ഞിട്ടുണ്ട്: "ദൈവദൂതൻ നിങ്ങൾക്ക് കൊണ്ടുവന്നുതന്നത് നിങ്ങൾ സ്വീകരിക്കുക. അദ്ദേഹം വിരോധിച്ച കാര്യത്തിൽനിന്ന് നിങ്ങൾ വിട്ടുനിൽക്കുകയും ചെയ്യുക." (*അൽഹശ്ർ*: 7)

അബ്ദുർറഹ്മാനുബ്നു യസീദ് ഇഹ്റാം ചെയ്ത ഒരാളെകണ്ടു. അയാൾ സാധാരണ വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. അദ്ദേഹം അയാളെ വിലക്കി. അയാൾ പറഞ്ഞു: 'താങ്കൾ ഒരു ആയത്ത് കേൾപ്പിക്കുക. എന്നാൽ ഞാൻ എന്റെ വസ്ത്രം മാറ്റാം.' അപ്പോൾ അദ്ദേഹം ഓതി: "റസൂൽ നിങ്ങൾക്ക് കൊണ്ടുവന്നത് നിങ്ങൾ സ്വീകരിക്കുക."

ത്വാവൂസ് അസ്ർ നമസ്കാരത്തിനു ശേഷം രണ്ട് റക്അത്ത് നമസ്കരിക്കുകയായിരുന്നു. അപ്പോൾ ഇബ്നു അബ്ബാസ് അദ്ദേഹത്തോട് പറഞ്ഞു: 'നീ അത് ഉപേക്ഷിക്കുക.' അദ്ദേഹം ചോദിച്ചു: 'നബി(സ) അത് വിലക്കിയിട്ടുണ്ടോ?'

**ഖുർആന്റെ പ്രസ്താവനകൾ പലതും പൊതുസ്വഭാവത്തിലുള്ളതാണ്. സുന്നത്ത് അതിനെ വിശദീകരിക്കുന്നു. ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം. നമസ്കാരത്തിന്റെ സമയം, റുകൂഅ്-സുജൂദ്, സകാത്തിന്റെ തോത്, സമയം, നൽകേണ്ട വിധം എന്നിങ്ങനെ. നോമ്പിന്റെ വിശദാംശങ്ങളെകുറിച്ച പല വിധികളും ഖുർആനിൽ കാണാൻ കഴിയില്ല. അപ്രകാരം ഹജ്ജ്, ബലി, വിവാഹം സംബന്ധമായ നിർദേശങ്ങൾ, കച്ചവടം, അതിന്റെ നിയമങ്ങൾ, കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷകൾ തുടങ്ങി ഖുർആനിൽ പൊതുവായി പറഞ്ഞ കാര്യങ്ങളുടെ വിശദീകരണം സുന്നത്തിൽ കാണാം.**

ഇബ്നു അബ്ബാസ് പറഞ്ഞു: അസ്ർ നമസ്കാരത്തിനു ശേഷം നമസ്കരിക്കുന്നത് നബി(സ) വിലക്കിയിട്ടുണ്ട്. പക്ഷേ, അതിന്റെ പേരിൽ ശിക്ഷ ലഭിക്കുമോ അതോ പ്രതിഫലം കിട്ടുമോ എന്നെനിക്കറിയില്ല. കാരണം അല്ലാഹു പറഞ്ഞിരിക്കുന്നു: "അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിക്കോ വിശ്വാസിനിക്കോ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല." (*അൽഅഹ്സാബ്:* 36)

രണ്ട്, ഖുർആന്റെ പ്രസ്താവനകൾ പലതും പൊതുസ്വഭാവത്തിലുള്ളതാണ്. സുന്നത്ത് അതിനെ വിശദീ

കരിക്കുന്നു. ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം.

നമസ്കാരത്തിന്റെ സമയം, റുകൂഅ്-സുജൂദ്, സകാത്തിന്റെ തോത്, സമയം, നൽകേണ്ട വിധം എന്നിങ്ങനെ. നോമ്പിന്റെ വിശദാംശങ്ങളെകുറിച്ച പല വിധികളും ഖുർആനിൽ കാണാൻ കഴിയില്ല. അപ്രകാരം ഹജ്ജ്, ബലി, വിവാഹം സംബന്ധമായ നിർദേശങ്ങൾ, കച്ചവടം, അതിന്റെ നിയമങ്ങൾ, കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷകൾ തുടങ്ങി ഖുർആനിൽ പൊതുവായി പറഞ്ഞ കാര്യങ്ങളുടെ വിശദീകരണം സുന്നത്തിൽ കാണാം. അതിനെക്കുറിച്ചാണ് ഇങ്ങനെ പരാമർശിച്ചത്: "നിനക്ക് നം ഉദ്ബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും" (*അന്നഹ്ൽ*: 44).

ഇംറാനുബ്നു ഹുസൈൻ പറയുന്നു: 'ഖുർആനിൽ ളുഹ്ർ നമസ്കാരം നാലു റക്അത്താണെന്നും അതിൽ ഉറക്കെ ഓതരുതെന്നും കാണാൻ കഴിയുകയില്ല'. പിന്നീട് അദ്ദേഹം നമസ്കാരം, സകാത്ത് എന്നീ കാര്യങ്ങൾ എണ്ണിപ്പറഞ്ഞു. അദ്ദേഹം തുടർന്നു: 'ഇതൊക്കെ വിശദമായി ഖുർആനിൽ കാണാൻ കഴിയുകയില്ല. ഇവയെക്കുറിച്ച് ഖുർആൻ നിശ്ശബ്ദത പാലിക്കുകയാണ്. സുന്നത്താണ് അതെല്ലാം വിശദീകരിക്കുന്നത്.'

മൂന്ന്, സുന്നത്തിൽ വിശദീകരിച്ച വിധികൾ ഖുർആനിൽ വിശദീകരിച്ച വിധികളുമായി ബന്ധിപ്പിക്കുക.

ഇബ്നു ഉമർ ഭാര്യയെ ആർത്തവ വേളയിൽ വിവാഹമോചനം ചെയ്തു. അപ്പോൾ നബി(സ) ഉമറിനോട് പറഞ്ഞു: താങ്കൾ അവനോട് അവളെ മടക്കിയെടുക്കാൻ പറയുക. എന്നിട്ട് അവൾ ശുദ്ധിയാകുന്നതുവരെ കാത്തിരിക്കട്ടെ. ശേഷം അവൾക്ക് വീണ്ടും ആർത്തവമുണ്ടാവുകയും വീണ്ടും ശുദ്ധിയാവുകയും ചെയ്യട്ടെ. എന്നിട്ട് അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവളെ നിലനിർത്തട്ടെ. അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ - അവളുമായി ശാരീരിക ബന്ധം ഉണ്ടാകുന്നതിന് മുമ്പായി - വിവാഹമോചനം ചെയ്യട്ടെ. ഇതാണ് അല്ലാഹു കൽപിച്ച രീതിയിലുള്ള ത്വലാഖ്. ഖുർആനിലെ താഴെ പറയുന്ന സൂക്തമാണ് സൂചന: "നബിയേ, നിങ്ങൾ (വിശ്വാസികൾ) സ്ത്രീകളെ വിവാഹ മോചനം ചെയ്യുകയാണെങ്കിൽ അവരുടെ ഇദ്ദാ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുക." (*അത്ത്വലാഖ്*: 1)

സുബൈഅത്തുൽ അസ്ലമിയ്യ ഭർത്താവിന്റെ മരണ ശേഷം അരമാസം കഴിഞ്ഞു പ്രസവിച്ചു. അപ്പോൾ തിരുമേനി(സ) പറഞ്ഞു: 'അവളുടെ ഇദ്ദ കഴിഞ്ഞിരിക്കുന്നു.' അത് താഴെപ്പറയുന്ന സൂക്തത്തിന്റെ വിശദീകരണമാണ്: "നിങ്ങളിൽ ആരെങ്കിലും തങ്ങളുടെ ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരണപ്പെടുകയാണെങ്കിൽ അവർ (ഭാര്യമാർ) തങ്ങളുടെ കാര്യത്തിൽ നാലു മാസവും പത്ത് ദിവസവും കാത്തിരിക്കേണ്ടതാണ്" (*അൽബഖറ*: 234). ഇത് ഗർഭമില്ലാത്ത അവസ്ഥയിലെ നിയമമാണ്. എന്നാൽ 'ഗർഭവതികളുടെ കാലാവധി അവർ പ്രസവിക്കുന്നത് വരെ'യാണ് എന്ന വിധി വിവാഹ മോചനം ചെയ്യപ്പെട്ടവർക്കും അല്ലാത്തവർക്കും ബാധകമാണ്.



**ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ സുന്നത്തുകൊണ്ട് ഖുർആനെ നസ്ഖ് ചെയ്യാൻ പാടില്ല. ഹദീസ് മുതവാതിറോ മശ്ഹൂറോ ആഹാദോ ഏതായാലും ശരി. ഇമാം ശാഫിഈ ഇപ്പറഞ്ഞതിന് തെളിവായി ഖുർആൻ ഉദ്ധരിക്കുന്നു: "വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായതോ, അതിന് തുല്യമായതോ നാം കൊണ്ടുവരുന്നതാണ്" (*അൽബഖറ*: 106). സുന്നത്ത് ഖുർആന്ന് തുല്യമല്ല, അതിനേക്കാൾ ശ്രേഷ്ഠവുമല്ല.**



### നസ്ഖ് (نسخ) അഥവാ ദുർബലപ്പെടുത്തൽ

ഹദീസ് നിദാന ശാസ്ത്രത്തിലെ പ്രധാന ചർച്ചയാണ് നസ്ഖ് അഥവാ ഖുർആനിലും സുന്നത്തിലും വന്ന മുൻ നിയമങ്ങൾ ദുർബലപ്പെടുത്തൽ. ആദ്യം ഒരു നിയമം നിശ്ചയിക്കുന്നു. പിന്നീട് സാഹചര്യങ്ങൾ മാറുമ്പോൾ ആദ്യത്തെ നിയമം റദ്ദ് ചെയ്ത് പുതിയൊരു നിയമം നൽകുന്നു. ഇതാണ് സാങ്കേതിക ഭാഷയിൽ 'നസ്ഖ്' എന്നുപറയുന്നത്.

ഖുർആനെ ഖുർആൻകൊണ്ട് നസ്ഖ് ചെയ്യാം എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമില്ല.

സുന്നത്തിനെ സുന്നത്തുകൊണ്ടും നസ്ഖ് ചെയ്യാം എന്ന കാര്യത്തിലും അഭിപ്രായാന്തരമില്ല. സുന്നത്ത് 'മുതവാതിർ' ആണെങ്കിൽ നസ്ഖ് ചെയ്യുന്ന ഹദീസും മുതവാതിർ ആവണമെന്ന നിബന്ധനയുണ്ട്. സുന്നത്ത് 'ആഹാദ്'[2] (ഏകം) ആണെങ്കിൽ നസ്ഖ് ചെയ്യുന്ന ഹദീസ് ആഹാദോ മുതവാതിറോ ആയിരിക്കണം. തദ്വിഷയകമായി ധാരാളം ഹദീസുകൾ കാണാം. ഉദാഹരണം: 'ഞാൻ നിങ്ങളെ ഖബ്ർ സന്ദർശിക്കുന്നത് വിലക്കിയിരുന്നു. ഇപ്പോൾ നിങ്ങൾ സന്ദർശിക്കുക' എന്ന ഹദീസ്.

എന്നാൽ രണ്ടു കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്:

1) ഖുർആൻകൊണ്ട് സുന്നത്തിനെ നസ്ഖ് ചെയ്യാമോ?

2) സുന്നത്തുകൊണ്ട് ഖുർആനെ നസ്ഖ് ചെയ്യാമോ?

ഖുർആൻകൊണ്ട് സുന്നത്തിനെ നസ്ഖ് ചെയ്യൽ ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ അനുവദനീയമാണ്. അതിന് നിരവധി ഉദാഹരണങ്ങൾ കാണാനാകും.

എ. നേരത്തെ ഖിബ്‌ലയാക്കിയിരുന്ന ബൈത്തുൽ മുഖദ്ദസ് മാറ്റി കഅ്ബ ഖിബ്‌ലയായി നിശ്ചയിച്ചു. നബി(സ)യും മുസ്‌ലിംകളും ഹിജ്റയുടെ ആരംഭത്തിൽ പത്ത് മാസത്തോളം ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞാണ് നമസ്കരിച്ചിരുന്നത്. അതിനെക്കുറിച്ച് ഖുർആനിൽ വ്യക്തമായ കൽപന വന്നിട്ടുണ്ടായിരുന്നില്ല. പിന്നീടത് താഴെപ്പറയുന്ന ഖുർആൻ സൂക്തം ഇറങ്ങി: "(നബിയേ) നിന്റെ മുഖം ആകാശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ നിനക്കിഷ്ടമാകുന്ന ഒരു ഖിബ്‌ല

യിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനിമുതൽ താങ്കളുടെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക.' (*അൽബഖറ*: 144)

ബി. ഹുദൈബിയ്യാ സന്ധിയിലെ ഒരു വ്യവസ്ഥ മക്കയിൽനിന്ന് ഇസ്‌ലാം സ്വീകരിച്ച് മദീനയിലേക്ക് വരുന്നവരെ ഖുറൈശികളുടെ അടുത്തേക്ക് മടക്കി അയക്കണം എന്നായിരുന്നു. പിന്നീടത് സ്ത്രീകൾക്ക് ബാധകമല്ലെന്ന് പറഞ്ഞു. അതുകൊണ്ട് വിശ്വാസിനികളായി മക്കയിൽനിന്നു പലായനം ചെയ്തു മദീനയിൽ വന്ന സ്ത്രീകളെ ഖുറൈശികളുടെ അടുത്തേക്ക് മടക്കി അയക്കരുതെന്ന് പറഞ്ഞുകൊണ്ട് ആദ്യ വ്യവസ്ഥ ദുർബലപ്പെടുത്തി. അവരുടെ വിശ്വാസവും പവിത്രതയും സംരക്ഷിക്കാൻ വേണ്ടിയാണത്. താഴെ പറയുന്ന ഖുർആൻ സൂക്തം കൊണ്ടാണത് ദുർബലപ്പെടുത്തിയത്: "സത്യവിശ്വാസികളേ, വിശ്വാസിനികൾ അഭയാർഥികളായി നിങ്ങളെ സമീപിച്ചാൽ നിങ്ങൾ അവരെ പരീക്ഷിച്ചുനോക്കണം. അവരുടെ വിശ്വാസത്തെപ്പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ്. അവർ വിശ്വാസിനികളാണെന്ന് നിങ്ങൾ അറിഞ്ഞുകഴിഞ്ഞാൽ അവരെ നിങ്ങൾ സത്യനിഷേധികളുടെ അടുത്തേക്ക് മടക്കി അയക്കരുത്. ആ വിശ്വാസിനികൾ സത്യനിഷേധികൾക്ക് അനുവദിക്കപ്പെട്ടവരല്ല. ആ സത്യനിഷേധികൾ വിശ്വാസിനികൾക്കും അനുവദനീയമല്ല." (*അൽ മുംതഹന*: 10)

സുന്നത്തുകൊണ്ട് ഖുർആനെ നസ്ഖ് ചെയ്യാമോ എന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്.

1) ഹനഫികൾ പറയുന്നു: മുതവാതിറും മശ്ഹൂറുമായ ഹദീസുകൊണ്ട് ഖുർആനെ നസ്ഖ് ചെയ്യൽ അനുവദനീയമാണ്. എന്നാൽ ആഹാദ് ആയ ഹദീസുകൊണ്ട് ഖുർആനെ നസ്ഖ് ചെയ്യാൻ പാടില്ല. അവരുടെ തെളിവ് ഇതാണ്: മുതവാതിറായ ഹദീസ് ഖുർആൻ പോലെ സുദൃഢമാണ്. മശ്ഹൂർ പണ്ഡിതന്മാരുടെ കൈകളിലും കർമശാസ്ത്ര പണ്ഡിതന്മാരുടെ പ്രവൃത്തിയിലും വന്ന് പ്രസിദ്ധമാവുകയും അത് മുതവാതിറിനോട് ചേർന്ന് നിൽക്കുകയും ചെയ്തിരിക്കുന്നു. അതെല്ലാം പാരായണം ചെയ്യാത്ത വഹ്‌യ്(വഹ്‌യുൻ ഗൈറു മത്‌ലു)ആണ്. അപ്പോൾ അത് രണ്ടുകൊണ്ടും ഖുർആനെ നസ്ഖ് ചെയ്യാം. ഖുഫ്ഫ(കാലുറ) തടവുന്ന ഹദീസുകൊണ്ട് ഖുർആനെ നസ്ഖ് ചെയ്തത് ഉദാഹരണം. അത് പ്രസിദ്ധമായ ഹദീസാണ്.

അതേപോലെ താഴെ പറയുന്ന ഖുർആൻ സൂക്തം ശ്രദ്ധിക്കുക. "നിങ്ങളിലാർക്കെങ്കിലും മരണം ആസന്നമാവുമ്പോൾ അയാൾ ധനം വിട്ടുപോകുന്നുവെങ്കിൽ മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും വേണ്ടി ന്യായപ്രകാരം വസ്വിയ്യത്തു ചെയ്യുവാൻ നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു" (*അൽ ബഖറ*: 180). ഈ ആയത്തിനെ അനന്തരാവകാശിക്കുവേണ്ടി വസ്വിയ്യത്ത് ഇല്ല എന്ന ഹദീസുകൊണ്ട് ദുർബലപ്പെടുത്തി. ഏറെ പ്രസിദ്ധവും ഭൂരിപക്ഷം പണ്ഡിതന്മാർ കർമപഥത്തിൽ കൊണ്ടു വന്നതുമായ ഹദീസാണത്.

2) ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ സുന്നത്തുകൊണ്ട് ഖുർആനെ നസ്ഖ് ചെയ്യാൻ പാടില്ല. ഹദീസ് മുതവാതിറോ മശ്ഹൂറോ ആഹാദോ ഏതായാലും ശരി. ഇമാം ശാഫിഈ ഇപ്പറഞ്ഞതിന് തെളിവായി ഖുർആൻ ഉദ്ധരിക്കുന്നു: "വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായതോ, അതിന് തുല്യമായതോ നാം കൊണ്ടുവരുന്നതാണ്" (*അൽബഖറ*: 106). സുന്നത്ത് ഖുർആന്ന് തുല്യമല്ല, അതിനേക്കാൾ ശ്രേഷ്ഠവുമല്ല.

മറ്റൊരു സൂക്തം: "(നബിയേ) പറയുക. എന്റെ സ്വന്തം വകയായി അതു ഭേദഗതി ചെയ്യുവാൻ എനിക്കുപാടില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്" (*യൂനുസ്*: 15). അതിന്റെ അർഥം, നബി(സ) തനിക്ക് ബോധനം നൽകപ്പെടുന്ന എല്ലാം പിന്തുടരുകയാണെന്നും ഒരു കാര്യവും അദ്ദേഹം ഭേദഗതി ചെയ്യുകയില്ല എന്നുമാണ്. നസ്ഖ് എന്നാൽ ഭേദഗതി ചെയ്യലാണ്.

ഭൂരിപക്ഷത്തിന്റെ അഭിപ്രായമാണ് യാഥാർഥ്യവുമായി കൂടുതൽ അടുത്ത് നിൽക്കുന്നത്. യഥാർഥത്തിൽ ഒരു സുന്നത്ത് ഖുർആനെ നസ്ഖ് ചെയ്തത് നാം കാണുകയുണ്ടായിട്ടില്ല. ഹനഫികൾ പറയുന്നതു പോലെ ഖുഫ്ഫയിൽ തടവുക, അനന്തരാവകാശിക്ക് വേണ്ടി വസ്വിയ്യത്ത് ചെയ്യുക എന്നീ വിഷയങ്ങൾ ഈ ഇനത്തിൽ പെട്ടതല്ല. മറിച്ച്, ഒരു ഖുർആനിക വിധിയ വിശദീകരിക്കുകയാണ് ഹദീസ് ചെയ്യുന്നത്. പൊതുവായി വന്ന ഖുർആനിക നിർദേശങ്ങളെ ആർക്കെല്ലാം ബാധകമാകുന്നുവെന്ന് വിശദീകരിക്കുകയാണ്, അവയെ ദുർബലപ്പെടുത്തുകയല്ല സുന്നത്ത്. ■